"ഭരണഭാഷ – മാതൃഭാഷ"

സി2/5562 (ഇ)/റ്റിസി/2016

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in]
തീയതി 19-9-2016

# സർക്കുലർ നമ്പർ 26/2016

വിഷയം:- ***മോട്ടോർ വാഹന വകുപ്പ്*** – പൊതുസ്ഥലങ്ങളിൽ പാർക്കുചെയ്യുന്ന വാഹനങ്ങളിൽ കുട്ടികളെ തനിച്ചാക്കി പോകുന്നത് - സംബന്ധിച്ച്.

പൊതുസ്ഥലങ്ങളിൽ വാഹനം പാർക്ക് ചെയ്ത് പ്രായപൂർത്തിയാകാത്ത കുട്ടികളെ അതിനുള്ളിൽ തനിച്ചിരുത്തിയതിനുശേഷം മുതിർന്നവർ വാഹനങ്ങൾ ലോക്ക് ചെയ്ത് പോകുന്ന സംഭവങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത് അപകടകരമായ പല സംഭവങ്ങൾക്കും കാരണമാകുന്നുണ്ട്.

1. കുട്ടികൾക്ക് ശ്വാസം ലഭിക്കാതെ മരണം വരെ സംഭവിക്കാവുന്നതാണ്.
2. വാഹനത്തിന്റെ എഞ്ചിൻ ഓണാക്കി എ.സി. പ്രവർത്തിപ്പിച്ച് കുട്ടികളെ തനിച്ചിരുത്തിയാൽ കുട്ടികൾ വാഹനത്തിന്റെ ഹാന്റ് ബ്രേക്ക് റിലീസ് ചെയ്യുന്നതിനും ഗിയറുകൾ മാറ്റുവാനും, ഇത് അപകടത്തിനും കാരണമാകും.
3. വാഹനത്തിന്റെ എയർ കണ്ടീഷന്റെ കൂളിംഗ് കോയിലിൽ ചോർച്ച ഉണ്ടായാൽ വിഷവാതകം ശ്വസിച്ച് മരണം വരെ സംഭവിക്കാം.
4. കുട്ടികളെ തനിച്ചിരുത്തി മുതിർന്നവർ പുറത്തുപോയാൽ, കുട്ടികൾ മുതിർന്നവരെ അന്വേഷിച്ച് റോഡിൽക്കൂടി ആശ്രദ്ധമായും അരക്ഷിതമായും അലയുവാനും അത് കുട്ടികളുടെ ജീവനുതന്നെ അപകടമുണ്ടാക്കുവാനും കാരണമാകും.
5. വാഹനങ്ങളുടെ എഞ്ചിൻ ഓഫാക്കാതെ പോയാൽ വാഹനമോഷണത്തിനുള്ള സാധ്യതയും ഏറെയാണ്.

മുതിർന്നവരുടെ വാഹന ഉപയോഗത്തിലുള്ള ഈ അശ്രദ്ധ, അപകടകരമായ വാഹന ഉപയോഗമായി കണക്കിലെടുത്ത് കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ റൂൾ (21), സബ് സെക്ഷൻ (15) പ്രകാരം ഇത്തരത്തിൽ വാഹനം ഉപയോഗിക്കുന്നവർ ശിക്ഷാർഹരാണ്. വാഹന പരിശോധന സമയങ്ങളിൽ ഈ വിഷയത്തിൽക്കൂടി സത്വരശ്രദ്ധ ചെലുത്തേണ്ടതാണ്.

(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ,

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &
സെക്രട്ടറി, എസ്.ടി.എ.

22/9

മോട്ടോർ വാഹന വകുപ്പ്, കേരളം